# കോളത്ര തറവാട്

## കോഴഞ്ചേരി.

### A.D. 13- ാം നൂറ്റാണ്ടു മുതലുള്ള ലഘു വിവരണം

മദ്ധ്യകേരളത്തിലെ പാരമ്പര്യവും തനതായ ചരിത്രവുമുള്ള കോളത്ര തറവാടിന് ഏതാണ്ട് 800 വർഷത്തെ പഴക്കം ഉണ്ട്. 13-ാം നൂറ്റാണ്ടിൽ തറവാട് സ്ഥാപിക്കപ്പെട്ടു എന്ന് തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറിയ വിശ്വാസവും ലഭ്യമായിട്ടുള്ള താളി യോലകളും മറ്റു രേഖകളും സൂചിപ്പിക്കുന്നു. സംസ്കൃത പണ്ഡിതനും തന്ത്രശാസ്ത്രം, മന്ത്രശാസ്ത്രം, തർക്കശാസ്ത്രം, ആയുർവേദം എന്നിവയിൽ അഗാധമായ അറിവുണ്ടായി രുന്നവനുമായ വാസുദേവര് പരമേശ്വരര് എന്ന ബ്രാഹ്മണ ശ്രേഷ്ഠനിൽ നിന്നും കോളത്ര തറവാടിന്റെ പാരമ്പര്യവും ചരിത്രവും ആരംഭിക്കുന്നു. വായുപുരേശനായ ശ്രീകൃഷ്ണ ഭഗ വാന്റെ അനുഗ്രഹം ലഭിച്ച അതിപുരാതനവും പാരമ്പര്യവും ഉണ്ടായിരുന്ന സമ്പന്ന ബ്രാഹ്മണ തറവാടായ ഗുരുവായൂർ ചെമ്പകമംഗലത്ത് മഠത്തിലാണ് വാസുദേവര് പരമേ ശ്വരര് ഭൂജാതനായത്. (കോളത്രസ്വാമി) വാസുദേവര് പരമേശ്വരര് കോളത്ര തലമുറകളുടെ പ്രപിതാമഹൻ (ബ്രഹ്മരക്ഷസ്സ്) രക്ഷകനായി കോളത്ര തറവാട് ക്ഷേത്രത്തിൽ ഭക്തിപുര സ്സരം ആരാധിച്ചുവരുന്നു. ബാല്യകാലം മുതൽ പണ്ഡിതന്മാരായ പിതാമഹൻമാരുടേയും വന്ദ്യരായ ഗുരുക്കന്മാരുടെയും ശിക്ഷണത്തിൽ വളരെ ആഴത്തിൽ പാണ്ഡിത്യം നേടിയി രുന്ന അദ്ദേഹം സർവ്വേശ്വരിയായ ദുർഗ്ഗാദേവിയേയും, കലിയുഗവരദനായ ശബരീശ്വരനേയും നെഞ്ചിലേറ്റി ഉപാസിച്ചുവന്നിരുന്നു. നിസ്വാർത്ഥനായ വൈദികശ്രേഷ്ഠൻ എന്ന നിലയ്ക്ക് ഗുരുവായൂരും പരിസരങ്ങളിലും ഖ്യാതി ഉണ്ടായിരുന്ന സ്വാമി തന്റെ മുപ്പതാമത്തെ വയസ്സിൽ ഗുരുവായൂരിൽ ഉണ്ടായിരുന്ന പ്രശസ്തമായ നായർ തറവാടായ പ്ലാവേലിൽ വീട്ടിലെ കാർത്യായനിയമ്മ എന്ന നായർ യുവതിയെ സ്വന്ത തീരുമാനം അനുസരിച്ച് വിവാഹം ചെയ്തു എന്ന് വെളിപാട് രേഖകളിൽ നിന്നും പറഞ്ഞ് അറിയാൻ കഴിഞ്ഞു. എന്നാൽ നിലവിൽ ഉണ്ടായിരുന്ന സാമൂഹ്യ വ്യവസ്ഥിതി മൂലം ചെമ്പകമംഗലത്ത് ഉണ്ടായ ചില അസ്വാരസ്യം കാരണം തന്റെ സഹധർമ്മിണിയും തനിക്ക് ഉണ്ടായിരുന്ന സമ്പത്തുമായി തെക്കൻ നാട്ടിലേക്ക് പോരുവാൻ വഴിയൊരുക്കി. സൂര്യചന്ദ്രൻമാർ ഉള്ളകാലം നിന്നേയും നിന്റെ സന്താനങ്ങളേയും ഞാൻ കൈവെടിയുകയില്ല എന്ന് ബ്രഹ്മസ്വം തൊട്ട് പ്രതിജ്ഞ യെടുത്ത വാസുദേവര് (സ്വാമി) ഗുരുവായൂർ വിട്ട് യാത്രയായി. അങ്ങനെ യാത്ര ചെയ്ത് പ്രസിദ്ധമായ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിൽ എത്തിയ വാസുദേവർക്ക് നൂറ്റാണ്ടുക ളുടെ പാരമ്പര്യം ഉള്ള തന്ത്രികുടുംബമായ താഴമൺ മഠത്തിലെ കാർണവരുടെ സേവ നവും സഹായവും ലഭിച്ചുവെന്നും വെളിപാടുകളിൽനിന്നും അറിയുന്നു. അനന്തരം താഴ മൺ തറവാട് കാർണവരുടെ ഉപദേശപ്രകാരം പ്രസ്തുത തറവാടിന്റെ ഒരു കണ്ണിയായ കോഴഞ്ചേരി-ചെങ്ങഴശ്ശേരി ഇല്ലവുമായി ബന്ധപ്പെടുകയും പ്രതാപികളായ നായർ വിഭാഗ ങ്ങൾക്ക് സ്ഥാനമാനങ്ങൾ ഉണ്ടായിരുന്ന കോഴഞ്ചേരിയിൽ എത്തുകയും ചെയ്തു എന്നാണ്

വിശ്വാസം. കോഴഞ്ചേരിയിൽ എത്തിയ നമ്മുടെ പ്രപിതാമഹൻ കോളത്ര തറവാടിന് അടിത്തറ ഇടുകയും തുടർന്നുള്ള നാളുകളിൽ അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്ന സമ്പത്ത് ഉപയോഗിച്ച് കോഴഞ്ചേരിയിൽ ധാരാളം സ്വത്ത് സമ്പാദിക്കുകയും ചെയ്യുകയാണുണ്ടായത്. നമ്മുടെ സ്വാമി വിശാല വീക്ഷണവും, സേവന സന്നദ്ധതയും, ദയാശീലനും, സ്നേഹവത്സലനും ആയിരുന്നു. സമീപവാസികൾക്ക് ഉപകാരിയായിരുന്നതിനാൽ അദ്ദേഹം കോഴഞ്ചേരിയിലും പരിസരങ്ങളിലും ഖ്യാതിയുള്ളവനാകുകയും കോളത്ര തറവാട് അദ്ധ്യാത്മീകതയുടേയും സംസ്കാര പ്രവർത്തനങ്ങളുടേയും ആതുരസേവനത്തിന്റെയും കേന്ദ്രമാവുകയും ചെയ്തു. പരാശക്തിയുടെ പ്രതീകമായ ദുർഗ്ഗാദേവിയുടെയും യോഗീശ്വരനായ അയ്യപ്പ സ്വാമിയുടെയും തീവ്രഭക്തനായിരുന്ന സ്വാമി കോളത്ര തറവാടിന്റെ നാലുകെട്ടിനുള്ളിൽ തെക്കുകിഴക്കേ ഭാഗത്തായി ഉപാസനാമൂർത്തികളായ ദേവിയുടേയും അയ്യപ്പസ്വാമിയുടേയും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് ദൈനംദിന പൂജയും ആരാധനയും നടത്തിവന്നിരുന്നു. കാലം കടന്നുപോയപ്പോൾ നാലുകെട്ടിന് രൂപഭാവങ്ങളിൽ മാറ്റം വന്നിരുന്നുവെങ്കിലും 1972 ടി നാലുകെട്ട് പൊളിച്ചുമാറ്റുന്നിടംവരേക്കും തെക്കുകിഴക്കേഭാഗത്ത് ഉണ്ടായിരുന്ന ഒരു മുറി വിശുദ്ധമായി സൂക്ഷിച്ചിരുന്നു. പിൽക്കാലത്ത് ക്ഷേത്രം നിർമ്മിച്ച് പ്രതിഷ്ഠ നടത്തി ആരാധന തുടങ്ങിയെങ്കിലും ആ മുറിയിലുണ്ടായിരുന്ന വിശുദ്ധമായ വസ്തുക്കൾ ഒന്നും പുറത്ത് എടുത്തിരുന്നില്ല എന്ന് ഇന്നത്തെ തലമുറക്ക് തൊട്ടുപിന്നിൽ ഉണ്ടായിരുന്ന കാർണവൻമാർ പറഞ്ഞുതന്നിട്ടുണ്ട്. ഏതാണ്ട് 40 വയസ്സിനുമുകളിൽ ആയപ്പോൾ മുതൽ തന്റെ തീവ്രമായ ഭക്തിയും ആദ്ധ്യാത്മിക ചിന്തയും കാരണം ലൗകീക ബന്ധങ്ങളിൽനിന്നും സാവധാനം വ്യതിചലിച്ചു. നിരന്തരമായ പരബ്രഹ്മചിന്ത അമ്പത്തിരണ്ടാമത്തെ വയസ്സിൽ തന്റെ കുടുംബിനിയായ കാർത്യായനിയമ്മയുടെ അനുമതിയോടെ പൂർണ്ണ സന്യാസജീവിതം ആരംഭിക്കുകയും ഇഷ്ടദൈവമായ ശബരിമല അയ്യപ്പസന്നിധിയിൽ എത്തുകയും ചെയ്തു. ഏതാണ്ട് ഒന്നര വ്യാഴവട്ടക്കാലം അയ്യപ്പചിന്തയിലും സേവനത്തിലും മുഴുകിയിരുന്ന സ്വാമിക്ക് അയ്യപ്പസ്വാമിയുടെ ദർശനവും അനുഗ്രഹവും ലഭിക്കുകയും 72-ാമത്തെ വയസ്സിൽ സമാധിയാകുകയും ചെയ്തു എന്ന് വെളിപാടുകളിൽനിന്നും മനസ്സിലാക്കുന്നു. അങ്ങനെ ഏകദേശം ഒരു നൂറ്റാണ്ട് പിന്നിട്ട് കാലത്തിന്റെ മായയിൽപെട്ടുപോയ തലമുറക്കാർ നാലുകെട്ടിലുണ്ടായിരുന്ന പൂജകളിലും ആരാധനയിലും അറിവില്ലായ്മ കാരണം അലംഭാവം വരുത്തുകയും മൂർത്തികളെ അവഗണിക്കുകയും ചെയ്തത് പലവിധത്തിലും ഉള്ള അനർത്ഥങ്ങൾക്ക് കാരണമായി മാറി. അപ്രതീക്ഷിതമായ ചില സംഭവങ്ങളും ചലനങ്ങളും അമാനുഷികത്വമുള്ള ആത്മാവിന്റെ സാന്നിദ്ധ്യം കോളത്രയിൽ വിളിച്ചറിയിക്കുകയും കുടുംബാംഗങ്ങളിൽ കൂടുതൽ അസ്വസ്ഥതകൾ പ്രകടമാവുകയും ചെയ്തു. ആ മാതിരിയുണ്ടായ സംഭവങ്ങൾ അന്നത്തെ തറവാട്ടുകാർണവൻമാരെ ദൈവജ്ഞചിന്തയിൽ എത്തിച്ചു. മദ്ധ്യ തിരുവിതാംകൂറിലെ പ്രസിദ്ധമായ സൂര്യകാലടി മനയിലെ ബ്രഹ്മദത്തൻ നമ്പൂതിരിയെ സമീപിച്ച് ദേവപ്രശ്നം നടത്തുകയും അതിൽകൂടി പ്രപിതാമഹൻ സ്വാമിയുടേയും ദുർഗ്ഗാദേവിയുടേയും യോഗീശ്വരസ്വാമിയുടേയും പ്രത്യക്ഷസാന്നിദ്ധ്യം കോളത്രയിൽ ഉണ്ട് എന്ന് മനസ്സിലാക്കി ബോദ്ധ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം നീണ്ട ഏഴ്

ദിവസങ്ങളിലെ താന്ത്രിക കർമ്മങ്ങൾക്കുശേഷം ചൈതന്യങ്ങളെ ആവാഹിച്ച് കോളത്ര യിൽ കുടിയിരുത്തി ആരാധനയും പ്രാർത്ഥനയും ആരംഭിക്കുകയും ചെയ്തു എന്നും അനുഗ്രഹത്തിൽ (വെളിപാട്) നിന്നും നാം മനസ്സിലാക്കുന്നു. പ്രപിതാമഹ സ്വാമിയു ടേയും ദുർഗ്ഗാദേവിയുടെയും പ്രതിഷ്ഠകൾ പ്രത്യേക ശ്രീകോവിലുകളിൽ ഒരു മേൽക്കൂ രക്ക് കീഴിലും യോഗീശ്വര സ്വാമിയുടെ ആലയം ഏറ്റവും തെക്ക് ഭാഗത്ത് മറ്റ് ശ്രീകോവി ലിൽനിന്നും ഒന്നരമീറ്റർ മാറ്റി പ്രത്യേകമായും സ്ഥിതിചെയ്യുന്നു. കിഴക്കോട്ടുദർശനത്തി ലാണ് കോവിലുകൾ. പ്രതിഷ്ഠ മുതൽ ഇന്നുവരെയും ക്ഷേത്രകർമ്മാദികളും താന്ത്രിക കർമ്മങ്ങളും ചെങ്ങഴശ്ശേരി ഇല്ലത്തുനിന്നുള്ള തലമുറകളാണ്. പ്രതിഷ്ഠിച്ച് ആരാധന ആരംഭിച്ച് ഇന്നുവരെയുമുള്ള കാലയളവിൽ ജീർണ്ണതയും മറ്റും കാരണങ്ങളും കാരണം നാലുപ്രാവശ്യം ശ്രീകോവിലുകളുടെ പുനർനിർമ്മാണം നടന്നിട്ടുണ്ട്. രണ്ടുപ്രാവശ്യം സ്ഥാനവും മാറ്റിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയായപ്പോഴേക്കും ആദ്യ കാലങ്ങളിൽ സംഭവിച്ചതുപോലെ കുടുംബാംഗങ്ങളുടെ അലസതയും അറിവില്ലായ്മയും കാരണം ആരാധനയിലും ക്ഷേത്രസംരക്ഷണത്തിലും ഗൗരവമായ തളർച്ച സംഭവിക്കു കയും അത് പഴയ ചരിത്രം ആവർത്തിക്കുവാൻ ഇടയാക്കുകയും ചെയ്തു. ഇന്നത്തെ ചുമതലക്കാർക്ക് തൊട്ടുമുമ്പുള്ള കാർണവന്മാർ ക്ഷേത്രത്തിന്റെ നിലനിൽപ്പിനും ആരാ ധനയ്ക്കും ഒരു പുതിയ ജീവൻ നൽകുവാൻ നടത്തിയ ആത്മാർത്ഥമായ ശ്രമം ഇന്നു ള്ളവർക്ക് വലിയ പ്രചോദനമാകുകയും ചെയ്തു. ആദ്യകാലങ്ങളിൽ ക്ഷേത്രത്തിൽ ഉണ്ടായ ജീർണ്ണതയ്ക്കും അനാസ്ഥയ്ക്കും പരിഹാരം കാണാൻ നേതൃത്വം കൊടുത്ത പ്രമുഖരായ കോളത്ര മേപ്പുറത്ത് പരമേശ്വരൻപിള്ളയും കോളത്രയിൽ അഡ്വ. ജി. നാരാ യണപിള്ളയും ആണ്. തുടർന്ന് കാലങ്ങളോളം യാതൊരു പ്രവർത്തനങ്ങളും നടക്കാതെ കിടന്നു. തുടർന്ന് ശ്രീ. കാലായിൽ പി.ജി. രാമചന്ദ്രൻ നായരുടേയും നിർമ്മലാഭവനം ദാമോദരൻപിള്ളയുടേയും നേതൃത്വത്തിൽ രണ്ടാമത്തെ നവീകരണപ്രവർത്തനങ്ങൾക്ക് തുടക്കം ഇട്ടു. അതിനുശേഷം നാം ഇന്നുകാണുന്ന രീതിയിൽ 1990-ാം ആണ്ടോടുകൂടി പുതിയ ക്ഷേത്രങ്ങൾ പണിയാനുള്ള തയ്യാറെടുപ്പുകൾ പ്രൊഫ. ശ്രീ. കെ.ജി. ദേവരാ ജൻ നായരുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ഇന്നുകാണുന്ന രീതിയിൽ പൂർത്തീ കരിക്കുകയും ചെയ്തു. നമ്മുടെ ക്ഷേത്രത്തിന്റെ ശ്രീകോവിലുകളുടെ രൂപവും അളവും സ്ഥലവും നൂറ്റിഅൻപതോളം വർഷങ്ങൾക്കുമുമ്പ് സ്വാമിയുടെ അനുഗ്രഹവെളിപാടുക ളിൽ നിന്നുമുള്ള നിർദ്ദേശം അനുസരിച്ചാണ് ചെയ്തിരിക്കുന്നത്. പ്രതിഷ്ഠാകർമ്മങ്ങൾക്ക് ഉള്ള ചില മന്ത്രങ്ങളും അദ്ദേഹം തന്നെ ചൊല്ലിക്കൊടുത്തുയെന്നുള്ളതും മഹാത്ഭുതമാ ണ്. തികഞ്ഞ സാത്വികനും വിശ്വാസിയും നിർമ്മലനും ആയിരുന്ന “കിടായിത്തറയിൽ” ശ്രീ. രാമൻപിള്ള അവർകളെയാണ് സ്വാമി തന്റെ പ്രതിപുരുഷനാക്കിയത്. ഇന്ന് നാം കോളത്രയിൽ കാണുന്ന വികസനങ്ങളെല്ലാം കമ്മിറ്റിക്കാരുടേയും കുടുംബാംഗങ്ങളു ടേയും ഒത്തൊരുമിച്ചുള്ള പ്രയത്നത്തിന്റെയും അവശ്യബോധത്തിന്റെയും പ്രതീകങ്ങ ളാണ്. ക്ഷേത്രത്തിന്റെ ഭാവിനിലനിൽപ്പിനും കുടുംബാംഗങ്ങളുടെ ശ്രേയസ്സിനും അടുത്തും ദൂരെയുമുള്ള കുടുംബ തലമുറകളെ കോളത്ര തറവാടുമായി ബന്ധിപ്പിക്കുകയും പഴല

കാലമുതലുള്ള ചരിത്രം അവരിലെത്തിക്കുകയും ചെയ്യുകയെന്നുള്ളതാണ്. അതിനുള്ള ശരിയായ പ്രയത്നം മുതിർന്നവർ ഏറ്റെടുക്കേണ്ടതുണ്ട്.

## ക്ഷേത്രത്തിനെക്കുറിച്ച്

കോളത്ര തറവാടും ക്ഷേത്രവും നിലനിൽക്കുന്നത് കോഴഞ്ചേരി പട്ടണത്തിൽനിന്നും കോഴഞ്ചേരി കടമ്മനിട്ട റോഡിൽ പാമ്പാടിമൺ ശ്രീ അയ്യപ്പ ക്ഷേത്രത്തിൽനിന്നും ഏതാണ്ട് നൂറ്റമ്പത് മീറ്റർ കിഴക്കാണ്. കിഴക്ക് ദിക്കിലേക്ക് ദർശനവുമായിട്ടാണ് ക്ഷേത്രം നിലനിൽക്കുന്നത്. ഒരു ആലയത്തിനുകീഴിൽ രണ്ട് ശ്രീകോവിലുകളായി തിരിച്ച് ഏറ്റവും വടക്കുഭാഗത്തായി കോളത്രസ്വാമിയുടെയും അതിനോട് ചേർന്ന ശ്രീകോവിലിൽ മഹാമായയായ ദുർഗ്ഗാദേവിയുടേയും ശ്രീകോവിലുകൾ സ്ഥിതിചെയ്യുന്നു. ഇതിൽനിന്നും ഏതാണ്ട് ഒന്നരമീറ്റർ തെക്ക്ഭാഗത്തായി മാറി യോഗീശ്വരസ്വാമിയുടെ ശ്രീകോവിലും സ്ഥിതിചെയ്യുന്നു. സർവ്വാംഗപരിത്യാഗിയായ യോഗീശ്വരന്റെ നടയിൽ ശബരിമലയെപോലെ 10 വയസ്സിനും 60 വയസ്സിനും മദ്ധ്യേയുള്ള സ്ത്രീകൾ വിളക്ക് തെളിക്കുന്നതും നടക്ക് നേർക്കുനിന്ന് തൊഴുന്നതും നിയന്ത്രിച്ചിരിക്കുകയാണ്. പ്രപിതാമഹനായ കോളത്രസ്വാമിയുടേയും ആദിപരാശക്തി ദുർഗ്ഗാദേവിയുടേയും യോഗീശ്വര സ്വാമിയുടെയും കടാക്ഷവും സംരക്ഷണവും സമസ്ത കുടുംബാംഗങ്ങളിലും ഉണ്ട് എന്ന് അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നാം ഉറച്ചുവിശ്വസിക്കുന്നു.

***സമസ്ത കുടുംബാംഗങ്ങൾക്കും***
***സ്വാമിയുടേയും ദുർഗ്ഗാദേവിയുടേയും യോഗീശ്വര സ്വാമിയുടേയും***
***കടാക്ഷം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.***